സ്വാമി ശരണം
# അയ്യപ്പവാണി
अय्यप्पवाणि വെബ് വാർത്താമാസിക
ശബരിമല അയ്യപ്പ സേവാ സമാജം (സാസ്സ്)
പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്.. റജി.നം.226/2008
അഡ്മിൻ ഓഫീസ്: അയ്യപ്പവിഹാർ, ശിവ ടെമ്പിൽ റോഡ്, വിയ്യൂർ, തൃശൂർ ജില്ല, കേരളം - 680010.
വെബ്സൈറ്റ്: www.sassbharath.org ഫോൺ:09400401722 ഈമെയിൽ: sassinservice@gmail.com




ക്രമ നം.**അയ്യപ്പവാണി 01/2022**
(ഉത്രം പതിപ്പ്)
23 ജനുവരി 2022
(09 മകരം 1197)
യുഗാബ്ദം 5123

ഹരിവരാസനം ശതാബ്ദി ആഘോഷങ്ങൾ ▸ ശബരിമല ദർശനം - എന്തിന് ? ഭാഗം 1 : ശ്രീ. ഒ.എസ്.സതീഷ് ▸ നമ്മുടെ പൈതൃകം - ചിദംബര രഹസ്യം ▸ ഗോവയിലെ അയ്യപ്പക്ഷേത്രം ▸ കഥ - മഹാറാണി അഹല്യഭായ് ഹോൾക്കർ ▸ ശ്രീ ധർമ്മ ശാസ്താ കേശാദി പാദ വർണ്ണന സ്തോത്രം - 5: ശങ്കരാചാര്യർ ▸ സുഭാഷിതം - 23 ▸ വാർത്തകൾ ▸ ക്വിസ് - 8

## ഹരിവരാസനം ശതാബ്ദി ആഘോഷം

**ദൈവീകമായ "ഹരിവരാസനം" അഥവാ "ഹരിഹരാത്മക അഷ്ടകം" എന്ന പാട്ട് ഭഗവാൻ സ്വാമി അയ്യപ്പന്റെ ഉറക്കുപാട്ടായി / താരാട്ടു പാട്ടായി കണക്കാക്കി വരുന്നു, നിത്യവും രാത്രി ശബരിമല ശ്രീകോവിൽ നട അടക്കുന്ന സമയത്ത് പാടിക്കേൾക്കുന്നു. കുറെക്കാലമായി, സന്നിധാനത്ത് ശാന്തിക്കാരോടൊപ്പം, തികഞ്ഞ അയ്യപ്പഭക്തൻ കൂടിയായ ഗാനഗന്ധർവ്വൻ യേശുദാസിന്റെ റെക്കോർഡ് ചെയ്ത ശബ്ദത്തിലും ഹരിവരാസനത്തിന്റ ആലാപനം കേൾക്കാൻ സാധിക്കുന്നു. പ്രശസ്ത സംഗീത സംവിധായകൻ ശ്രീ. ദേവരാജനാണ് മധ്യമാവതി രാഗത്തിൽ, 8 ശ്ലോകങ്ങൾ, 32 വരികൾ, 108 വാക്കുകൾ, 352 അക്ഷരങ്ങൾ ഉള്ള ഈ ഗാനത്തിന്റെ സംഗീത സംവിധാനം ചെയ്തിരിക്കുന്നത്.**



(കയ്യെഴുത്ത് പ്രതി)



(ജാനകിയമ്മ)

**100 വർഷം മുൻപ് 1923_ൽ ഒരു അയ്യപ്പ ഭക്തയായിരുന്ന സ്വർഗ്ഗീയ കൊന്നേക്കാട്ട് ജാനകിയമ്മയാണ് ഈ ഗാനം രചിച്ചത്. 2022-23_ൽ, ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രൗഢമായ വിവിധ പരിപാടികളിലൂടെ ഹരിവരാസനം ഗാനത്തിന്റെ ജന്മ ശതാബ്ദി ആഘോഷിക്കുവാൻ ശബരിമല അയ്യപ്പ സേവാ സമാജം തീരുമാനിച്ചിരിക്കുന്നു. 2022 മാർച്ച്18_നു പൈങ്കുനി ഉത്രം നാളിൽ ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്യപ്പെടുന്നു. ഒരു നിശ്ചിത ദിവസം നിശ്ചിത സമയത്ത് ലോകമെമ്പാടുമുള്ള കോടിക്കണക്കിന് അയ്യപ്പഭക്തർ പങ്കെടുക്കുന്ന ഹരിവരാസനത്തിന്റ സമൂഹ പാരായണം ഉണ്ടായിരിക്കും. അഭിവന്ദ്യരായ ഭാരത പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിജി, ശങ്കരാചാര്യ സ്വാമികൾ തുടങ്ങിയ മഹദ് വ്യക്തികളുടെ സാന്നിധ്യത്തിൽ 2023 ഏപ്രിൽ മാസത്തിൽ പൈങ്കുനി ഉത്രത്തിന് ഒരു "അന്താരാഷ്ട്ര അയ്യപ്പസംഗമ"ത്തോടെയാകും ശതാബ്ദി ആഘോഷങ്ങളുടെ പരിസമാപ്തി.**

**"ഹരിവരാസനം" ഗാനത്തിന്റെ ശരിയായ രീതിയിലുള്ള ആലാപനം, ആശയം, വ്യാഖ്യാനം എന്നിവയുടെ പഠനം, പ്രചാരണം; അയ്യപ്പധർമ്മം,**

ശബരിമലയുമായി ബന്ധപ്പെട്ട ആചാര - അനുഷ്ഠാനങ്ങൾ സംബന്ധിച്ച് ആദ്ധ്യാത്മിക പ്രഭാഷണങ്ങൾ, സെമിനാറുകൾ, ഗുരുസ്വാമി സമാദരണ സമ്മേളനങ്ങൾ, രഥയാത്രകൾ, പുതിയ നൃത്ത, ഗാന, ചിത്ര രചനകൾ, കഥകളി, ഓട്ടൻതുള്ളൽ, കൂടിയാട്ടം, മോഹിനിയാട്ടം, കൂത്ത്, യാക്ഷഗാനം, നാടൻ കലകൾ, ക്ഷേത്രകലകൾ, മറ്റു വിവിധ കലാ സാംസ്കാരിക സൃഷ്ടികൾ, കുട്ടികൾക്കും യുവാക്കൾക്കും മുതിർന്നവർക്കുമായി പ്രത്യേകം മത്സരങ്ങൾ... തുടങ്ങി വൈവിധ്യമാർന്ന പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു.

ഈ ആഘോഷ പരിപാടികളുടെ ആസൂത്രണത്തിനും നടത്തിപ്പിനുമായി ദേശീയ, സംസ്ഥാന, ജില്ലാ തല സ്വാഗത സംഘങ്ങൾ - ഹരിവരാസനം ജന്മ ശതാബ്ദി ആഘോഷ സമിതികൾ - രൂപീകരിക്കുന്നു, ആദ്ധ്യാത്മിക, കലാ സാംസ്കാരിക, വിദ്യാഭ്യാസ, നീതിന്യായ.... സമൂഹത്തിലെ വിവിധ തുറകളിൽ പ്രഗൽഭരും പ്രശസ്തരുമായ മഹദ് വ്യക്തികളുടെയും, കലാ സാംസ്കാരിക ക്ഷേത്ര സാമുദായിക ഹൈന്ദവ സംഘടനകളുടെയും ആശീർവാദത്തോടെയാകും എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. എല്ലാ സുമനസ്സുകളുടെയും സാന്നിധ്യ സഹായ സഹകരണങ്ങളും ഭഗവത് അനുഗ്രഹവും കാംക്ഷിക്കുന്നു, പ്രതീക്ഷിക്കുന്നു.

ശ്രീ. ടി. ബി. ശേഖർ
(നാഷണൽ ചെയർമാൻ).


ശ്രീ. ഈറോഡ് എൻ. രാജൻ
(നാഷണൽ ജനറൽ സെക്രട്ടറി)

---

## ശബരിമല തീർത്ഥാടനം – എന്താണ് ഇത്ര പ്രത്യേകത?

**(ഭാഗം - 1)**

**(ആദ്ധ്യാത്മിക പ്രഭാഷകൻ ശ്രീ. O. S. സതീഷ്, കൊടകര, തൃശൂർ)**



എന്താണ് ശബരിമല തീർത്ഥാടനത്തിന്റെ പ്രത്യേകത? അങ്ങനെ വിഷയത്തിലേക്കു് കടക്കുന്നതിനു മുമ്പ് ഭാരതത്തിലെ വൈവിധ്യമുള്ള ആചാരങ്ങളെ സംബന്ധിച്ച് ഒരു ധാരണ ഉണ്ടാക്കിയതിനു ശേഷം നമുക്ക് ശബരിമല തീർത്ഥാടനത്തിന്റെ ആവശ്യകതയെ, ശബരിമല തീർത്ഥാടനം എന്ത്, എന്തിന്, എങ്ങനെ? എന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യാം.

നാമെല്ലാം ജീവിക്കുന്ന നമ്മുടെ ഭാരതദേശം വളരെ ഏറെ വൈവിധ്യമുള്ള നാടാണ്. എല്ലായിടത്തും വൈവിധ്യമായ, വ്യത്യസ്തമായ ഓരോന്ന് നമുക്ക് കാണുവാൻ സാധിക്കും. ഭാരതമാസകലം യാത്ര ചെയ്യുമ്പോൾ നമുക്കീ വൈവിധ്യങ്ങളെ എല്ലായിടത്തും അനുഭവിക്കാൻ സാധിക്കും. ഇപ്പോൾ ഭാരതത്തിലെ ഭക്ഷണരീതികൾ നോക്കി കഴിഞ്ഞാൽ ഭാരതമാസകലം വൈവിധ്യമാണത്. വസ്ത്രധാരണത്തെ എടുത്തു നോക്കിയാലും

വൈവിധ്യമാർന്ന വസ്ത്രധാരണം കാണാം. ഭാഷ എടുത്തു നോക്കിയാൽ ഭാഷയുടെ കാര്യത്തിലും ഈ വൈവിധ്യമുണ്ട്. കാലാവസ്ഥ എടുത്തു നോക്കിയാൽ കാശ്മീരം മുതൽ കേരളം വരെയുള്ള കാലാവസ്ഥയും ഭിന്നമാണ്, വൈവിധ്യമാണ്, വ്യത്യസ്തമാണ്. ഇങ്ങനെ വൈവിധ്യതയും വ്യത്യസ്തതയും കൊണ്ട് സമ്പന്നമാണ് നമ്മുടെ ഭാരതദേശം.

ഭാരതമാസകലമുള്ള പൂജാസമ്പ്രദായങ്ങളെ നോക്കിയാൽ അതും വ്യത്യസ്തമാണ്. എത്രയോ വ്യത്യസ്തമായ സമ്പ്രദായങ്ങളാണ് നമുക്ക് ഭാരതത്തിലുടനീളം യാത്രചെയ്താൽ കാണുവാൻ സാധിക്കുക. ചിലയിടങ്ങളിൽ താന്ത്രികം, മറ്റുചിലയിടങ്ങളിൽ ശാക്തേയം, വൈഷ്ണവം, ഗാണപത്യം, ദത്താത്രേയം, കാർത്തികേയം, ശൈവവൈഷ്ണവ സംയുക്തമായ ധർമ്മശാസ്താ സമ്പ്രദായം - ഇങ്ങനെ വ്യത്യസ്തങ്ങളായ പൂജാസമ്പ്രദായങ്ങളെയും കാണാം. ഇത് മാത്രമല്ല, ഭാരതത്തിലെ ഏത് പ്രദേശത്തു യാത്ര ചെയ്താലും ആ പ്രദേശത്തിന് തനതായ ദൈവങ്ങളുമുണ്ട്, തനതായ ദേവതകളുമുണ്ട്. ഇപ്പോൾ ആന്ധ്രയുടെതായ ദേവതാഭാവമേതാണ്? തിരുപ്പതി വെങ്കിടേശനാണ്. തമിഴ്നാട്ടിൽ മുരുകനാണ്, മഹാരാഷ്ട്രയിൽ ദത്താത്രേയനാണ്, ഒഡിഷയിൽ ജഗന്നാഥനാണ്, കർണാടകത്തിൽ മഞ്ജുനാഥനാണ്, ഗുജറാത്തിൽ രണച്ചോടൻ, കേരളത്തിൽ അയ്യപ്പൻ, ബംഗാളിൽ ദേവീഭാവങ്ങൾ, ഓരോ വനഗിരിവർഗ്ഗത്തിലും അവരവരുടേതായ ദേവതകൾ എന്നിവ കാണാം. ഇങ്ങനെ വ്യത്യസ്തവും വൈവിധ്യവുമായ ദേവതാ ഭാവങ്ങളെ നമുക്ക് നിരവധി കാണുവാൻ സാധിക്കും.

ഇങ്ങനെ നോക്കിയാൽ പൂജാസമ്പ്രദായം, ദേവത - എല്ലാം വൈരുധ്യം. എങ്ങനെയാണ് ഇത്രയേറെ വൈരുധ്യങ്ങളുണ്ടാവാൻ കാരണം? എന്തുകൊണ്ടാണ് ഇങ്ങനെ വൈരുധ്യങ്ങളുണ്ടായത്? നമ്മൾ അങ്ങനെയൊന്ന് അന്വേഷിച്ചു കഴിഞ്ഞാൽ വ്യത്യസ്തങ്ങളായ പൂജാ സമ്പ്രദായങ്ങളും ദേവതകളും ഈ സനാതനധർമത്തിൽ വൈവിധ്യമായി ഉണ്ടാകാനുള്ള കാരണം - നമ്മളിൽ ഓരോരുത്തരിലുമുള്ള വ്യത്യസ്തതയാണ്. ഈ ഭൂമുഖത്തുള്ള ഞാനും നിങ്ങളും നമ്മളുമടക്കം ഓരോരുത്തരും വ്യത്യസ്ത ഘടനയോടുകൂടിയവരാണ്. അതുകൊണ്ടുതന്നെ ഓരോ വ്യക്തിക്കും അവരവരുടെ ഇഷ്ടത്തിനും അഭിരുചിക്കും അനുസരിച്ചുള്ള ദേവതാ ഭാവങ്ങളെയാണ് സ്വീകരിക്കാൻ കൂടുതൽ എളുപ്പം. അങ്ങനെ സ്വീകരിക്കുമ്പോഴാണ് ഓരോരുത്തർക്കും സംതൃപ്തി ഉണ്ടാകുക. എന്റെ മനസ്സിനിണങ്ങിയ ദേവതയെ ആരാധിക്കുമ്പോഴാണ്, ഉപാസിക്കുമ്പോഴാണ്, എനിക്ക് സംതൃപ്തി ഉണ്ടാകുക. എനിക്ക് ഇഷ്ടപ്പെട്ട ഭക്ഷണം കഴിക്കുമ്പോഴല്ലേ എനിക്ക് സംതൃപ്തി ഉണ്ടാകൂ? ഇതുപോലെ ഓരോരുത്തരുടെയും സ്വഭാവ വിശേഷതയ്ക്കും ഗുണഘടനക്കനുസരിച്ചും ഇവിടെ ദേവഭാവങ്ങളുണ്ടായി. അങ്ങനെ വന്നപ്പോൾ ഈ ഭൂമുഖത്തെ സർവ്വതിനേയും നമ്മൾ ആരാധിക്കാൻ തുടങ്ങി. അപ്പോൾ ഇവിടെ മാടപ്രാവ് മുതൽ ഗരുഡൻ വരെ ദേവതയാണ്. മൂഷികൻ മുതൽ ഐരാവതം വരെ ദേവതയാണ്. തുളസി മുതൽ ആൽമരം വരെ ദേവതയാണ്. ഗംഗ മുതൽ ഹിമാലയം വരെയുള്ള നദികളും

പർവ്വതങ്ങളും നമുക്ക് ദേവതാ ഭാവങ്ങളാണ്. അഗ്നിയും, വരുണനും, ഇന്ദ്രനും തുടങ്ങിയ പ്രാപഞ്ചികശക്തികൾ മുഴുവൻ ദേവതമാരുടെ ഭാവത്തിൽ നമുക്കുണ്ടാവാൻ തുടങ്ങി. ഓരോരുത്തർക്കും ഓരോ ദേവത. ഈ ഭാവത്തിൽ നമുക്കിവിടെ ആരാധനാക്രമങ്ങളുണ്ടായി. അങ്ങനെ വന്നപ്പോഴോ? ഈ ദേവഭാവങ്ങളെ ദർശിക്കാനും ഉപാസിക്കാനുമായി ഓരോ ഗ്രാമങ്ങളിലും ക്ഷേത്രസങ്കല്പങ്ങളും, ഓരോ ദേവതയുടെ സ്വഭാവത്തിനനുസരിച്ചു ആ ക്ഷേത്രത്തിൽ ആചാരക്രമങ്ങളുമുണ്ടായി. ഇങ്ങനെ ആചാരങ്ങളിലെ വൈരുധ്യവും നാനാത്വവുമൊക്കെയാണ് ഈ സനാതന ധർമത്തിന്റെ, ഹിന്ദുധർമത്തിന്റെ സവിശേഷത. അത്തരത്തിൽ നോക്കുമ്പോൾ ഈ നാനാത്വമുള്ള, വൈവിധ്യമുള്ള ആചാരക്രമങ്ങൾ ഓരോരുത്തരുടെയും സ്വഭാവ വിശേഷതക്കനുസരിച്ചാണ് എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

അത്തരത്തിലുള്ള വൈവിധ്യമുള്ള ആചരണങ്ങൾകൊണ്ട്, ആചാരങ്ങൾകൊണ്ട് സമ്പന്നമാണ് കേരളത്തിലെ ശബരിമല ക്ഷേത്രം. ശാസ്താവ് എന്ന ദേവതാഭാവത്തിന്റെ ഭാഗമായ അയ്യപ്പനാണ് അവിടത്തെ പ്രതിഷ്ഠ. കേരളത്തിന്റെ പരംകുല ദേവതയാണ് അയ്യപ്പൻ. ഈ ഭാരതത്തിനു അകത്തും പുറത്തും, എവിടെയൊക്കെ കേരളീയരുണ്ടോ, മലയാളിയുണ്ടോ അവിടങ്ങളിലൊക്കെ നമുക്ക് അയ്യപ്പക്ഷേത്രങ്ങളെ കാണാം. ഈ അയ്യപ്പനെന്നുള്ളത് ശാസ്താവിന്റെ അംശഭാഗമാണ്. അപ്പോൾ എന്താണ് ശാസ്താവ് എന്നുള്ളതുകൊണ്ട് അർത്ഥമാക്കുന്നത്? ശാസ്താവ് എന്ന വാക്കിന് അർത്ഥം : `ശാസ്തി ഇതി ശാസ്താ' എന്നാണ്. ശാസ്താവെന്നാൽ ശാസനം ചെയ്യുന്നവൻ എന്നാണർത്ഥം. ആരുടെ ശാസനത്തിനു വിധേയമായിട്ടാണോ ഈ സമ്പൂർണ പ്രപഞ്ചവും പ്രവർത്തിക്കുന്നത്, ആ ശക്തി വിശേഷണമാണ് ശാസ്താവ്. അപ്പോൾ ധർമ്മസംരക്ഷണം ചെയ്യുന്ന ധർമ്മശാസ്താവിനെ നമുക്ക് പ്രപഞ്ചേശ്വരൻ എന്ന് വിളിക്കാം, പ്രപഞ്ചനാഥൻ എന്നും വിളിക്കാം. അയ്യപ്പനിലൂടെ ഈ പ്രപഞ്ചനാഥനെയാണ് നാം ഉപാസിക്കുന്നത്. അങ്ങനെയുള്ള ശാസ്താ എന്ന ഈ ഭാവത്തിന് വ്യത്യസ്തങ്ങളായ ഭാവങ്ങളുണ്ട്.

കേരളത്തിലെ ഈ 5 ക്ഷേത്രങ്ങൾ നോക്കൂ. ശാസ്താവിനെ ഒരു ബാലകന്റെ രൂപത്തിൽ അല്ലെങ്കിൽ ഒരു കുട്ടിയുടെ രൂപത്തിൽ കാണണമെങ്കിൽ കുളത്തൂർപുഴയിൽ പോകണം. അവിടത്തെ ധർമ്മശാസ്താവ് ബാലകരൂപത്തിലുള്ള പ്രതിഷ്ഠയാണ്. നിങ്ങൾക്ക് ശാസ്താവിനെ ഒരു കുമാരഭാവത്തിൽ കാണണോ? എങ്കിൽ ശാസ്താവ് കൗമാരഭാവത്തിൽ പ്രതിഷ്ഠയുള്ള ആര്യങ്കാവിൽ പോകുക. നിങ്ങൾക്ക് ഇതേ ശാസ്താവിനെ ഒരു ഗൃഹസ്ഥന്റെ ഭാവത്തിൽ കാണണോ? എങ്കിൽ കുടുംബസമേതം നിലനിൽക്കുന്ന ഗൃഹസ്ഥഭാവത്തിലുള്ള ശാസ്താവിനെ അച്ചൻകോവിലിൽ പോയാൽ കാണാൻ സാധിക്കും. ഇനി ശാസ്താവിനെ വാനപ്രസ്ഥിയുടെ ഭാവത്തിൽ കാണണോ? എങ്കിൽ പൊന്നമ്പലമേട്ടിൽ പോകുക. അവിടെ വാനപ്രസ്ഥിയുടെ ഭാവത്തിൽ ശാസ്താവിനെ കാണാം. നിങ്ങൾക്ക് ഇതേ ശാസ്താവിനെ ഒരു ബ്രഹ്മചാരിയുടെ, യോഗിയുടെ ഭാവത്തിൽ കാണണമെങ്കിൽ ശബരിമലക്ക് പോകുക. ശബരിമലയിൽ ശാസ്താവിനെ ബ്രഹ്മചാരിയുടെ ഭാവമായ

അയ്യപ്പനെന്ന ഭാവത്തിൽ കാണാം. സ്വാഭാവികമായും ഇത് കേൾക്കുമ്പോൾ ആർക്കും ഒരു സംശയം വരാൻ സാധ്യതയുണ്ട്. ശാസ്താവ് ഗൃഹസ്ഥനല്ലേ, പത്നി സമേതനല്ലേ? അപ്പോളെങ്ങനെയാണ് ബ്രഹ്മചാരിയുടെ, യോഗിയുടെ ഭാവത്തിലൊക്കെ അയ്യപ്പൻ എന്ന ഭാവം വരിക - എന്നത് സ്വാഭാവികമായ സംശയമാണ്. അത്തരത്തിലൊരു സംശയം വന്നാൽ നമുക്കേറ്റവും പരിചയമുള്ള ഭഗവാൻ വിഷ്ണുവിന്റെ വ്യത്യസ്തങ്ങളായ അവതാരങ്ങളെ, ഭാവങ്ങളെ നമ്മളൊന്ന് നോക്കിക്കാണുക. മഹാവിഷ്ണു പത്നിസമേതനല്ലേ? അങ്ങനെയുള്ള മഹാവിഷ്ണുവിനെ വാമനനെന്ന ഭാവത്തിൽ നാം സ്വീകരിക്കുന്നുണ്ടല്ലോ. ലക്ഷ്മീസമേതനായ മഹാവിഷ്ണുവിന് വാമനനെന്ന ബ്രഹ്മചാരിയാകാമെങ്കിൽ ഇവിടെ ശാസ്താവിന്റെ ബ്രഹ്മചാരി ഭാവത്തെ മനസ്സിലാക്കാൻ നമുക്ക് ബുദ്ധിമുട്ടുണ്ടാകില്ല. ഇതേ ദൃഷ്ടിയിൽ ശബരിമല ക്ഷേത്രത്തിൽ ബ്രഹ്മചാരിയായ പ്രതിഷ്ഠാഭാവമാണ് ഉള്ളത് എന്ന് പ്രാഥമികമായി നാം മനസിലാക്കുക. ഇനി എന്താണ് പ്രതിഷ്ഠയിലൂടെ നാം മനസ്സിലാക്കേണ്ടത് എന്ന കാര്യത്തെ സംബന്ധിച്ച് നമുക്ക് അടുത്ത ലേഖനത്തിൽ ചർച്ച ചെയ്യാം.

(... തുടരും)

---

## നമ്മുടെ പൈതൃകം – ചിദംബര രഹസ്യം






തമിഴ് നാട്ടിലെ ക്ഷേത്ര നഗരി ആയ ചിദംബരത്തെ പ്രശസ്തമായ ഒരു ശിവ ക്ഷേത്രമാണ് ചിദംബരം ശിവ ക്ഷേത്രം. ഈ ക്ഷേത്രം പുനർ നിർമ്മിച്ചത് വിശ്വ കർമ്മജരിൽ ആഗ്ര ഗണ്യനായിരുന്ന വിടുവേൽവിദുഗു എന്ന പെരും തച്ചൻ ആണെന്ന് സംഘ കാല സാഹിത്യത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. സവിശേഷരൂപത്തിൽ പഞ്ചഭൂതങ്ങളെ പ്രതിനിധാനം ചെയ്യുന്ന അഞ്ച് ശിവാലയങ്ങളിൽ ആകാശ തത്വത്തെ ശോഭിപ്പിക്കുന്ന ശിവാലയം ആണ് ചിദംബരം. മറ്റു നാല് പഞ്ച ഭൂതാത്മക ശിവാലയങ്ങൾ തിരുവനൈകാവൽ ജംബുകേശ്വര ക്ഷേത്രം, തൃശ്ശിനാപ്പള്ളി (ജല തത്വം), ഏകാംബരേശ്വര ക്ഷേത്രം, കാഞ്ചീപുരം (പൃഥ്വീ തത്വം), തിരുവണ്ണാമലൈ അരുണാചലേശ്വര ക്ഷേത്രം (അഗ്നി തത്വം), കാളഹസ്തി നാഥർ ക്ഷേത്രം, കാളഹസ്തി (വായു തത്വം ) എന്നിവയാണ്.

ചിദംബര നാമത്തിന്റെ അർത്ഥം വിശകലനം ചെയ്യുമ്പോൾ നമുക്ക് ലഭിക്കുന്നത് ഇങ്ങനെയാണ്.... ചിത് = അന്തർബോധം (പ്രബുദ്ധത). അംബരം = ആകാശം. ചിദംബരം = അന്തർ ബോധത്തിന്റെ ആകാശം (ഞാൻ പരമാത്മ ചൈതന്യം തന്നെ എന്ന

ബോധം)(മോക്ഷ പദം) എന്നെല്ലാമാണ് അർത്ഥം. മറ്റൊരു വ്യാഖ്യാന പ്രകാരം ചിത് +അംബലം = പരമാത്മ ചൈതന്യം + നടന വേദി ( ശിവൻ +നടന വേദി) (നടരാജ നൃത്തം)(ആനന്ദ നൃത്തം)( പരമാത്മ ചൈതന്യത്തിന്റെ വിളയാട്ട വേദി) എന്നെല്ലാം അർത്ഥം.

**ചിദംബരം ക്ഷേത്രത്തിന്റെ സവിശേഷതകൾ :** ശൈവ ചൈതന്യത്തെ ലിംഗരൂപത്തിൽ അല്ലാതെ മനുഷ്യന്റെ മൂർത്ത രൂപത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ളത് ചിദംബരം ക്ഷേത്രത്തിൽ മാത്രമാണ്. രത്നാഭരണ വിഭൂഷിതനായ നടരാജ മൂർത്തിയാണ് ചിദംബരം ക്ഷേത്രത്തിന്റെ ഏറ്റവും വലിയ സവിശേഷത. നൃത്തം ചെയ്യുന്ന ശിവൻ ഈ പ്രപഞ്ചത്തിന്റെ താളാത്മകമായ ചലനത്തെ സൂചിപ്പിക്കുന്നു. ഈ ക്ഷേത്രം പുനർ നിർമ്മിക്കപ്പെട്ടത് C E 1 2 1 3 _ ൽ ആണ്. ഈ ക്ഷേത്രത്തിന്റെ സ്ഥാനം ഈ പ്രപഞ്ചത്തിന്റെ ഹൃദയ കമല സ്ഥാനം (വിരാട് ഹൃദയ പത്മസ്ഥലം) ആണെന്ന് പറയപ്പെടുന്നു.

**ക്ഷേത്ര ചരിത്ര കഥ:** ഭഗവാൻ ശിവൻ "തില്ലൈ വന" ത്തിലൂടെ ഉലാത്തുവാൻ എത്തുന്നതോടെയാണ് ചിദംബരം ക്ഷേത്രത്തിന്റെ കഥ തുടങ്ങുന്നത്. തില്ലൈ വനം കണ്ടൽ കാട് ആണ്. ഇപ്പോൾ ഈ കണ്ടൽ വനം ഉള്ളത് ചിദംബരത്തിനടുത്തുള്ള പിച്ചാവരം തണ്ണീർ തടങ്ങളിലാണ്. ക്ഷേത്രത്തിലെ ചുവർ ശില്പങ്ങളിൽ ആലേഖനം ചെയ്തിട്ടുള്ള കണ്ടൽ മരങ്ങൾക്ക് CE രണ്ടാം നൂറ്റാണ്ടോളം പഴക്കം ഉണ്ടെന്ന് കാണുന്നു. ഈ കണ്ടൽ വനത്തിൽ ഒരു കൂട്ടം മഹർഷിമാർ താമസിച്ചിരുന്നു. അവർ മന്ത്ര സാധനയുടെയും അനുഷ്ഠാനങ്ങളുടെയും ബല ത്തിൽ ഈശ്വരനെ നിയന്ത്രിക്കാം എന്ന് വിശ്വസിക്കുന്നവർ ആയിരുന്നു.

ഒരിക്കൽ സാക്ഷാൽ പരമേശ്വരൻ ഒരു ഭിക്ഷുവിന്റെ രൂപത്തിൽ (പിച്ചതെണ്ടാർ) തില്ലൈ വനത്തിൽ ഉലാത്തുവാൻ ഇറങ്ങി. അതി ദിവ്യ തേജസ്സോടു കൂടിയ ഭിക്ഷുവിനെ മോഹിനീ രൂപത്തിലുള്ള മഹാ വിഷ്ണുവും അനുഗമിച്ചിരുന്നു. ഋഷി മാരും ഋഷി പത്നിമാരും ഭിക്ഷുവിന്റെയും പത്നിയുടെയും തേജസ്സും സൗന്ദര്യവും കണ്ട് പരിഭ്രമിച്ചു. തങ്ങളുടെ പത്നിമാരെ മതിഭ്രമ ത്തിൽ ആഴ്ത്തിയ ഭിക്ഷുവിനോടും ഭാര്യയോടും ക്രോധം തോന്നിയ ഋഷിമാർ തങ്ങളുടെ മന്ത്രവാദ സിദ്ധിയാൽ അനേകം സർപ്പങ്ങളെ സൃഷ്ടിച്ചു വിട്ടു. ഭിക്ഷുവാകട്ടെ ഈ സർപ്പങ്ങളെ ആഭരണ ങ്ങളെന്ന പോലെ തന്റെ ജടയിലും കഴുത്തിലും അരയിലുമായി അണിഞ്ഞു. ഇതിൽ ക്രോധം വർധിച്ച ഋഷിമാർ മന്ത്രവാദത്താൽ നരഭോജി യായ പുലിയെ സൃഷ്ടിച്ചു വിട്ടു. അപ്പോൾ ഭിക്ഷു പുലിയെ കൊന്ന് അതിന്റെ തോൽ അരയിൽ ധരിച്ചു. ക്രോധം അതിന്റെ മൂർദ്ധന്യത്തിൽ എത്തിയ ഋഷിമാർ തങ്ങളുടെ സർവ്വ മന്ത്ര ശക്തിയും ഉപയോഗിച്ച് മുയാലകൻ എന്ന അഹങ്കാരിയും മുട്ടാളനും ആയ അസുരനെ സൃഷ്ടിച്ചു. ഭിക്ഷുവാകട്ടെ ഞൊടിയിടയിൽ അസുരനെ കീഴടക്കി അവന്റെ മുകളിൽ കയറി താണ്ഡവ നൃത്തം തുടങ്ങി. അധികം വൈകാതെ ഭിക്ഷു തന്റെ സ്വരൂപം കാണിച്ചു. മന്ത്ര വാദം കൊണ്ടൊന്നും ഈശ്വര ശക്തിയെ കീഴടക്കാൻ

കഴിയില്ലെന്ന് തിരിച്ചറിഞ്ഞ ഋഷിമാർ സാക്ഷാൽ പരമേശ്വരന്റെ മുന്നിൽ കീഴടങ്ങി.

**ആനന്ദ താണ്ഡവം :** മഹാവിഷ്ണു എപ്പോഴും ശയിക്കുന്ന നാഗ രാജൻ ആദിശേഷന് ഒരിക്കൽ ശിവ ഭഗവാന്റെ ആനന്ദ താണ്ഡവം കാണുവാൻ ആഗ്രഹം തോന്നി. ശിവ ഭഗവാൻ അദ്ദേഹത്തെ അനുഗ്രഹിച്ച് പതഞ്ജലി മഹർഷി എന്ന രൂപത്തിൽ തില്ലൈ വനത്തിലേക്ക് അയച്ചു. സമയമാവുമ്പോൾ തന്റെ ആനന്ദ നൃത്തം കാണാൻ അവസരം ഉണ്ടാകുമെന്ന് അരുളി ചെയ്തു. കൃത യുഗത്തിൽ ഹിമാലയത്തിൽ തപസ്സു ചെയ്ത പതഞ്ജലി മഹർഷി വ്യാഘ്രപാദൻ എന്ന ഒരു മഹർഷിയെ കാണുവാൻ ഇടയായി. ( തപം ചെയ്ത് പുലിയുടേതിന് സമാനമായ പാദങ്ങളും കണ്ണു കളും ആർജ്ജിച്ച വ്യാഘ്രപാദൻ പ്രഭാതത്തിനു മുൻപേ മരങ്ങളിൽ വലിഞ്ഞു കയറി വണ്ടുകൾ തേൻ കുടിക്കും മുൻപേ മധു നിറഞ്ഞ പൂക്കൾ ഇറുത്തു ഭഗവാന് പൂജ നടത്തുമായിരുന്നുവത്രെ... അങ്ങനെ അദ്ദേഹം വ്യാഘ്രപാദൻ എന്നറിയപ്പെട്ടു). രണ്ടു മഹർഷിമാരും ചേർന്ന് തില്ലൈ വനത്തിൽ ശിവ ഭഗവാനെ ലിംഗ രൂപത്തിൽ (ഇന്ന് തിരുമൂലതനേശ്വരർ ആയി ആരാധിക്കപ്പെടുന്ന രൂപത്തിൽ ) ആരാധിക്കുവാൻ തുടങ്ങി. ഒടുവിൽ പരമേശ്വരൻ തന്റെ നടരാജ സ്വരൂപത്തിൽ ആനന്ദ താണ്ഡവം ആടി അവരെ സന്തോഷിപ്പിച്ചു എന്നാണ് കഥ.

**ആനന്ദ താണ്ഡവ ഭാവം:** നടരാജന്റെ താണ്ഡവം വിശ്വ പ്രസിദ്ധമായ ഒരു നടന ഭാവം ആണ്. ദൈവീകമായ ശിവ താണ്ഡവത്തിൽ നിന്നാണ് ഭരതനാട്യത്തിന്റെ ചുവടുകൾ പിറന്നിട്ടുള്ളത്. നടരാജന്റെ കാൽച്ചുവട്ടിൽ ഉള്ള അസുരൻ അറിവില്ലായ്മയെ കാൽ ചുവട്ടിൽ ആക്കണമെന്ന് സൂചിപ്പിക്കുന്നു. കൈയിലുള്ള അഗ്നി ദുഷ്ടതകളെ നശിപ്പിക്കുന്നതാണ്. അദ്ദേഹത്തിന്റെ ഉയർത്തിയ കൈ മോക്ഷം നൽകുന്നതാണ്. പശ്ചാത്ത ലത്തിലുള്ള വൃത്തം ഈ പ്രപഞ്ചത്തെ സൂചിപ്പി ക്കുന്നു. കയ്യിൽ ധരിച്ചിട്ടുള്ള ഉടുക്ക് ജീവന്റെ ഉറവിടത്തെ സൂചിപ്പിക്കുന്നു. അങ്ങനെ നടരാജ നൃത്തം ഈ പ്രപഞ്ച ചലനത്തെ തന്നെയാണ് പ്രതിനിധാനം ചെയ്യുന്നത്.

**ദീക്ഷിതർ :** ചിദംബരം ക്ഷേത്രത്തിന്റെ നടത്തിപ്പും പൂജകളും എല്ലാം വിധിയാം വണ്ണം നിർവ്വഹിക്കുന്നത് ഒരു പ്രത്യേക വിഭാഗം വൈദീക ബ്രാഹ്മണരാണ്- അവർ അറിയപ്പെടുന്നത് ചിദം ബരം ദീക്ഷിതർ എന്നാണ്. പതഞ്ജലി മഹർഷി കൈലാസത്തിൽ നിന്നു കൊണ്ടുവന്നവരാണ് ഇവർ എന്നാണ് വിശ്വാസം. ചിദംബര ക്ഷേത്രം വളരെയധികം കാര്യങ്ങളിൽ അദ്വിതീയമാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അവിടത്തെ പൂജാരിമാരുടെ സാമൂഹ്യ ഘടനയാണ്.... ലോക ത്തിലെ ഏറ്റവും പുരാതനവും ഇന്നും നില നിൽക്കുന്നതുമായ ജനാധിപത്യ മര്യാദകൾ.

**ചിദംബര രഹസ്യം :** ചിദംബര രഹസ്യം എന്ന് പറയുന്നത് ശ്രീകോവിലിനു സമീപം എഴുന്നു നിൽക്കുന്ന ഒരു രൂപം നമുക്ക് നൽകുന്ന രഹസ്യ സന്ദേശം ആണത്രേ. അവിടെ ശിവപാർവ്വ തിമാരുടെ സാന്നിധ്യം ഉണ്ടെന്നാണ് വിശ്വാസം.

ഈ ചിദംബര രഹസ്യം ഒരു തിരശ്ശീലക്കു പിന്നിൽ രഹസ്യമാക്കി വച്ചിരിക്കുന്നു. ദീക്ഷിതർ പ്രത്യേക പൂജകൾക്കായി ഈ തിരശ്ശീല നീക്കുമ്പോൾ മാത്രമാണ് നമുക്ക് ചിദംബര രഹസ്യം ദർശിക്കാൻ കഴിയുന്നത്. അവിടെ നമുക്ക് കാണാൻ കഴിയുന്നത് ശിവപാർവ്വതിമാരെ പ്രതിനിധീകരിക്കുന്ന സ്വർണ്ണം കൊണ്ടുള്ള വില്വ പത്രങ്ങൾ മാത്രമാണ്.

ചിദംബര രഹസ്യം യഥാർത്ഥത്തിൽ മറ്റൊരു ആശയമാണ്. മായയുടെ തിരശ്ശീല നീക്കിയാൽ നമുക്ക് നമ്മുടെ ഉള്ളിലെ ഈശ്വരനെ കാണാം.... ഈ തത്വത്തിന്റെ പ്രതീകാത്മകമായ ദർശനം മാത്രമാണ് ക്ഷേത്രത്തിൽ നമ്മൾ കാണുന്നത്.

ക്ഷേത്രത്തിലെ വാസ്തു വിദ്യ : ചിദംബരം ക്ഷേത്രത്തിനു ഒൻപത് കവാടങ്ങൾ ഉണ്ട്. അവയിൽ നാലെണ്ണത്തിനു ഗോപുരങ്ങൾ ഉണ്ട്. നാലു ദിശകളിൽ ഉള്ള ഈ ഗോപുരങ്ങൾക്ക് ഏഴു പടികൾ ഉണ്ട്. കിഴക്കേ ഗോപുരത്തിൽ ഭരതനാട്യത്തിന്റെ 108 ഭാവങ്ങൾ കൊത്തി വച്ചിട്ടുണ്ട്. ക്ഷേത്രത്തിന്റെ സംവിധാനം, വാസ്തു വിദ്യ എന്നിവക്ക് തത്ത്വ ചിന്താപരമായ അർത്ഥ തലങ്ങൾ ഉണ്ട്.

*9 കവാടങ്ങൾ നവ ദ്വാരങ്ങളെ ദ്യോതിപ്പിക്കുന്നു.
*ശ്രീകോവിൽ ഹൃദയത്തെ സൂചിപ്പിക്കുന്നു. പഞ്ചാക്ഷര പടികൾ (5 പടികൾ: ശി... വാ... യ... ന... മ..) കടന്നു വേണം അവിടെ എത്താൻ.
*ശ്രീകോവിൽ 28 ആഗമങ്ങളെ സൂചിപ്പിക്കുന്ന 28 തൂണുകളിൽ താങ്ങിയാണ് നിൽക്കുന്നത്. 64 കലകളെ സൂചിപ്പിക്കുന്ന 64 ഉത്തരങ്ങളിൽ താങ്ങിയാണ് മേല്ക്കൂര നിൽക്കുന്നത്. അവയിൽ നിന്നും പോകുന്ന അസംഖ്യം കഴുക്കോലുകൾ രക്ത ധമനികളെ സൂചിപ്പിക്കുന്നു. "ശിവായ നമഃ" എന്ന് ആലേഖനം ചെയ്തിരിക്കുന്ന 21600 സ്വർണ്ണ ഓടുകൾ 21600 ശ്വാസങ്ങളെ സൂചിപ്പിക്കുന്നു. ഓടുകൾ ഉറപ്പിച്ചിട്ടുള്ള 72000 സ്വർണ ആണികൾ മനുഷ്യ ശരീരത്തിലെ 72000 നാഡികളെ സൂചിപ്പിക്കുന്നു. ഗോപുരത്തിൽ 9 കലശ പാത്രങ്ങൾ ഉള്ളത് നവ വിധ ഊർജങ്ങളെ സൂചിപ്പിക്കുന്നു.

ക്ഷേത്ര രഥം : ഒരു പക്ഷേ തമിഴ് നാട്ടിലെ ഏറ്റവും മനോഹരവും ലക്ഷണം ഒത്തതുമായ ക്ഷേത്ര രഥം ചിദംബരത്തിലേതായിരിക്കും. ഉത്സവത്തിന് വർഷത്തിൽ രണ്ടു തവണ സാക്ഷാൽ നടരാജൻ എഴുന്നെള്ളുന്ന ഈ രഥം അനേകായിരം ഭക്തർ ചേർന്നുകൊണ്ടാണ് വലിച്ചു കൊണ്ടു പോകുന്നത്.

---

## വാസ്കോ (ഗോവ) അയ്യപ്പക്ഷേത്രം



വിഖ്യാതമായ വാസ്കോഡഗാമ നഗരപ്രാന്തത്തിൽ റെയിൽവേ സ്റ്റേഷനിൽ നിന്നും രണ്ടര കിലോമീറ്റർ കിഴക്കുമാറി മാഗൂർ ഗ്രാമത്തിൽ പടിഞ്ഞാറോട്ടു ദർശനമായി വാസ്കോ ശ്രീ അയ്യപ്പക്ഷേത്രം നിൽക്കുന്നു. മുഖ്യ പ്രതിഷ്ഠ ശ്രീ അയ്യപ്പനാണ്. ഉപദേവതകളായി ശ്രീ ഗണപതി, സുബ്രഹ്മണ്യൻ, ദേവി ശാന്തദുർഗ്ഗ, നവഗ്രഹങ്ങൾ, ശ്രീ കറുപ്പസ്വാമി, നാഗദേവതകൾ എന്നിവയുമുണ്ട്. പ്രതിഷ്ഠകളെല്ലാം യശശ്ശരീരനായ തന്ത്രി ബ്രഹ്മശ്രീ പുറപ്പേരി ഇല്ലത്ത് വാസുദേവൻ ആദിത്യൻ നമ്പൂതിരിയാണ് നടത്തിയിട്ടുള്ളത്. മുഖ്യ പ്രതിഷ്ഠയായ അയ്യപ്പ വിഗ്രഹം പഞ്ചലോഹത്തിലുള്ളതാണ്. അഭയവരദനായ ഭഗവാൻ ചിന്മുദ്രാവസ്ഥയിൽ പട്ടബന്ധസ്ഥനായി വിരാജിക്കുന്നു. 1981 ജനുവരി മാസം 18_ആം തിയ്യതിയാണ് പ്രതിഷ്ഠ നടന്നത്. ശ്രീകോവിൽ അഷ്ടകോണത്തിലുള്ളതാണ്. ക്ഷേത്രത്തിനു തൊട്ടു കിഴക്കുഭാഗത്തായി ക്ഷേത്രസങ്കൽപ്പത്തിന് ദൃഢതയേകി ഒരു വടവൃക്ഷവുമുണ്ട്.

ക്ഷേത്ര ശ്രീകോവിൽ കാലത്ത് 5 മണിക്ക് തുറക്കും. അഭിഷേക പൂജാദികർമ്മങ്ങൾക്കു ശേഷം പത്തരമണിയോടെ ഉച്ചപൂജക്കുശേഷം തിരുനട അടക്കും. വൈകീട്ട് 5 മണിക്ക് വീണ്ടും നടതുറന്ന് ആറര മണിയോടെ ദീപാരാധന നടത്തുന്നു. തുടർന്ന് രാത്രി എട്ടര മണിക്ക് അത്താഴപൂജയും കഴിഞ്ഞു ഹരിവരാസനം ചൊല്ലി തിരുനട അടക്കുന്നു. മണ്ഡലക്കാലത്ത് ഉച്ചക്ക് 11 മണി വരേയും രാത്രി 9 മണി വരേയും നട അടക്കുവാനുള്ള സമയം നീട്ടിയിട്ടുണ്ട്. ശനിയാഴ്ച ദിവസങ്ങളിൽ മാത്രം രാവിലെ 11 വരെ ശ്രീകോവിൽ ഭക്തജന സൗകര്യാർത്ഥം തുറന്നിരിക്കുന്നതാണ്.

സുപ്രസിദ്ധ വാസ്തു വിദഗ്ദ്ധൻ കാണിപ്പയൂർ ശ്രീ കൃഷ്ണൻ നമ്പൂതിരിപ്പാട് സ്ഥാനം നിർണയിച്ച് രൂപപ്പെടുത്തിയ പ്രകാരം മുഖ്യ ശ്രീകോവിൽ, ഉപദേവ ശ്രീകോവിലുകൾ, ചുറ്റമ്പലം, മണ്ഡപം, ധ്വജസ്തംഭം, ഊട്ടുപുര, ദേഹണ്ഡപുര, ഗോപുരം എന്നിവയുടെ നിർമ്മാണത്തോടെ ക്ഷേത്രം ഗോവയിലെ മുഖ്യ ക്ഷേത്രമായി മാറി. ശ്രീ C. N. മേനോൻ ആണ് ഗോപുരത്തിന് രൂപകൽപ്പന ചെയ്തത്. താവഴിയായ താന്ത്രിക പദവി ശ്രീമാൻ പുറപ്പേരി ഇല്ലത്ത് വാസുദേവൻ നമ്പൂതിരിക്കാണെങ്കിലും താന്ത്രിക പൂജാദികർമ്മങ്ങൾ തന്ത്രി കടിയക്കോൽ ശ്രീകാന്ത് നമ്പൂതിരിയാണ് നിർവഹിച്ചു കൊണ്ടിരുന്നത്. ഇപ്പോഴത്തെ ക്ഷേത്രം തന്ത്രിയും കടിയക്കോൽ ഇല്ലത്ത് ഡോ. ശ്രീകാന്ത് നമ്പൂതിരിയാണ്. കേരളീയ ക്ഷേത്രങ്ങളിൽ ഉള്ളതുപോലെ നിത്യനിദാന പൂജാദി വഴിപാടുകർമ്മങ്ങൾ കൃത്യമായി ഈ ക്ഷേത്രത്തിലും നടത്തിപ്പോരുന്നു. പൂജകളും വഴിപാടുകളും മുൻകൂർ ഏൽപ്പിക്കുവാനും തുടർന്ന് വരും കാലങ്ങളിലേക്ക് ബുക്കിംഗ് നടത്തുവാനുള്ള കമ്പ്യൂട്ടർ സംവിധാനവും നിലവിലുണ്ട്.

ധ്വജപ്രതിഷ്ഠ നിലവിൽ വന്നതോടെ ക്ഷേത്രം മഹാക്ഷേത്രങ്ങളുടെ ശ്രേണിയിലേക്ക് ഉയർന്നിരിക്കുന്നു. അയ്യപ്പന്മാർക്ക് മുദ്ര ധരിക്കുവാനും, കെട്ടുനിറക്കും, ശബരിമലയാത്രക്കും വേണ്ട സൗകര്യങ്ങൾ ക്ഷേത്രത്തിലുണ്ട്. എല്ലാ വർഷവും

ഒരു വാഹനം ശബരിമല യാത്രക്കായി സംഘടിപ്പിച്ചുവരുന്നുണ്ട്. ആദ്യം വരുന്നവർക്ക് ആദ്യം എന്ന രീതിയിലാണ് ഇതിന്റെ ബുക്കിംഗ്. മണ്ഡലകാലം മുതൽ ഉത്സവത്തലേന്നുവരെ എല്ലാദിവസവും രാത്രി `സ്വാമി ഭിക്ഷയും', ശനിയാഴ്ചയും ഞായറാഴ്ചയും, ഉച്ചക്ക് അന്നദാനവും ക്ഷേത്രത്തിൽ പതിവാണ്. എല്ലാ ശനിയാഴ്ചയും സഹസ്രനാമ സ്തോത്രജപവും ദീപാരാധനക്കു ശേഷം അത്താഴപൂജവരെ ഭജനയും മുടക്കാതെ നടന്നു വരുന്നു. മണ്ഡലക്കാലത്ത് ഭജന എല്ലാ ദിവസവുമുണ്ട്.

കർക്കടക മാസത്തിൽ രാമായണ മാസാചരണത്തിന്റെ ഭാഗമായി നിത്യവും സന്ധ്യയ്ക്ക് നടത്തുന്ന രാമായണ പാരായണം ഭക്ത്യാന്തരീ ക്ഷത്തെ പ്രശോഭിതമാക്കുന്നു. പൈങ്കുനി ഉത്രം, വിഷു, നാഗപഞ്ചമി, നവരാത്രി, നിറപുത്തരി, ആയില്യം, എന്നീ പ്രത്യേക അവസരങ്ങൾ ക്ഷേത്ര ത്തിൽ വിധിയാംവണ്ണം ആചരിച്ചു വരുന്നുണ്ട്. ക്ഷേത്രത്തിലെ ഉത്സവം മകരം ഒന്നാം തിയ്യതിക്കു തലേന്ന് കൊടിയേറി എട്ടാം ദിവസം ആറാട്ടോടെ കൊടിയിറങ്ങുന്നു. ഉത്സവപൂജകൾ, ആ ദിനങ്ങ ളിലെ അന്നദാനങ്ങൾ, നിറമാലകൾ എന്നിവ ഭക്തജനങ്ങളുടെ വകയായിട്ടാണ് നടന്നുവരുന്നത്. ഉത്സവവേളയിൽ എല്ലാദിവസവും വൈകുന്നേരം ദീപാരാധനക്കുശേഷം വൈവിധ്യമാർന്ന കലാ പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

ക്ഷേത്രഭരണം 15 പേരടങ്ങുന്ന "വാസ്കോ അയ്യപ്പ സേവാ സമിതി" യുടെ നിയന്ത്രണത്തിലാണ് മുന്നേറുന്നത്. ഭക്തജനങ്ങളുടെയും അഭ്യുദയകാം ക്ഷികളുടെയും ആത്മാർത്ഥമായ സഹകരണവും സേവനസന്നദ്ധതയും വേണ്ടുവോളം ലഭിക്കു ന്നുണ്ട്. ക്ഷേത്രത്തിൽ മൂന്നുമാസത്തിലൊരിക്കൽ തന്ത്രി നേരിട്ടെത്തി പൂജ നടത്തി വരുന്നുണ്ട്. തദവസത്തിൽ നവഗമാണ് പതിവ്. ഭഗവൽ സന്ദർശനത്തിനായി നിത്യസന്ദർശകർ എത്തു ന്നുണ്ട്. മണ്ഡലക്കാലത്ത് സന്ദർശകരുടെ തിരക്കും അനുഭവപ്പെടാറുണ്ട്.

മാനവസേവയാണല്ലോ മാധവസേവക്കാധാരം! ഇക്കാര്യം മുൻ നിർത്തി "ശ്രീ അയ്യപ്പാ ചാരിറ്റബിൾ ട്രസ്റ്റ് വാസ്കോ" എന്ന പേരിൽ ഒരു സംഘടന കൂടി പ്രവർത്തിക്കുന്നുണ്ട്. ട്രൂസ്റ്റിനുകീഴിൽ കലാ, സാംസ്കാരിക, വിദ്യാഭ്യാസ, ജീവകാരുണ്യ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

അയ്യപ്പ സേവാ സമിതി : 08322531636.
അയ്യപ്പ ചാരിറ്റബിൾ ട്രസ്റ്റ് : 08322531646
വെബ്സൈറ്റ് : www.ayyappatemplevasco.com

---

## കഥ : ധീര മാൾവ രാജ്ഞി
## അഹല്യഭായി ഹോൾക്കർ



വാരാണസിയിലെ കാശി വിശ്വനാഥ് കോറിഡോർ 2021 ഡിസംബർ 13ന് ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കവേ നമ്മുടെ പ്രധാന

മന്ത്രി ശ്രീ നരേന്ദ്ര മോദി മഹാറാണി അഹല്യ ഭായ് ഹോൾക്കറെ അനുസ്മരിച്ചു. ആ ക്ഷേത്ര സമുച്ചയത്തിലെ നാല്പതോളം ക്ഷേത്രങ്ങളെ പുനരുദ്ധരിച്ചു കൊണ്ടുള്ള മഹത്തായ ഒരു പ്രവർത്തനമാണ് പതിനെട്ടാം നൂറ്റാണ്ടിലെ ആ മഹാറാണി അന്ന് നടപ്പാക്കിയത്. ഇപ്പോൾ നമ്മുടെ രാഷ്ട്രം കൈവരിച്ച ഈ നേട്ടത്തെ ഏറ്റവും വലിയ ക്ഷേത്ര നിർമ്മാതാവും, സംരക്ഷകയുമായി ഭാരത ചരിത്രത്തിൽ അറിയപ്പെടുന്ന അഹല്യ ഭായി ഹോൾക്കറുടെ ആ മഹത്തായ പ്രവർത്തിയോട് തുലനം ചെയ്തു കൊണ്ടാണ് പ്രധാനമന്ത്രി സംസാരിച്ചത്. 1776_ൽ മുഗൾ ഭരണാധികാരിയായിരുന്ന ഔറംഗസേബിനാൽ തകർക്കപ്പെട്ട കാശി വിശ്വനാഥ ക്ഷേത്രം പുനർ നിർമ്മിച്ചത് മഹാറാണി അഹല്യ ഭായി ഹോൾക്കർ ആയിരുന്നു. റാണിയുടെ ഒരു പ്രതിമ വിശാലമായ ആ ക്ഷേത്ര സമുച്ചയത്തിൽ സ്ഥാപിക്കപ്പെട്ടു. ഹോൾക്കർ രാജ്ഞിയോടുള്ള ആദര സൂചകമായി രാജ്ഞിയുടെ വലിയ ചിത്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

അഹമ്മദ് നഗറിലെ ജാംഗഡ് പ്രദേശത്തെ ജോണ്ടി വില്ലേജിലാണ് അഹല്യഭായി ജനിച്ചത് എങ്കിലും, മാൾവ രാജ്യത്തെ രാജമാതാ അഹല്യഭായ് ഹോൾക്കർ എന്നാണ് അവർ സ്നേഹാദരപൂർവം അറിയപ്പെട്ടിരുന്നത്. അവരുടെ അച്ഛൻ മംഗോജിറാവു ഷിൻഡെ ആ വില്ലേജിൻറെ തലവൻ ആയിരുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസം ഒരു വിദൂര സ്വപ്നം മാത്രമായിരുന്ന ആ കാലത്ത് അദ്ദേഹം മകളെ ഗാർഹിക വിദ്യാഭ്യാസത്തിലൂടെ എഴുത്തും വായനയും പഠിപ്പിച്ചു. രാജകീയ വംശത്തിൽ പിറക്കാതെയിരുന്നിട്ട് കൂടി വിധിനിയോഗം പോലെ അവരുടെ നാമം ഭാരതീയ സംസ്കൃതിയുടെ ചരിത്രത്തിൽ തങ്ക ലിപികളാൽ രേഖപ്പെടുത്തപ്പെട്ടു.

ആ ചരിത്രത്തിലേക്ക് നോക്കുമ്പോൾ ഒരിക്കൽ പൂനെയിലേക്കുള്ള യാത്രാമധ്യേ ചോണ്ടിയിലുള്ള ഒരു ക്ഷേത്രത്തിൽ നടന്നിരുന്ന അന്നദാനത്തിൽ വളരെ ഉത്സാഹത്തോടും കാര്യക്ഷമതയോടും കൂടി, വിശക്കുന്നവരെയും പാവങ്ങളെയും ഊട്ടുന്ന എട്ടു വയസ്സുള്ള തേജസ്വിയായ ഒരു ബാലികയെ മാൾവയിലെ രാജാവായിരുന്ന മൽഹാർ റാവു ഹോൾക്കർ കാണുന്നു. ആ ബാലികയുടെ ദാന തൽപരതയും , സ്വഭാവ ശുദ്ധിയും രാജാവിൻറെ ഹൃദയം കവർന്നു. തൻറെ മകനായ ഘണ്ഡെറാവു ഹോൾക്കറുടെ വധുവാകുന്നതിന് വേണ്ടി അദ്ദേഹം അവളെ ക്ഷണിച്ചു. അങ്ങിനെ 1733_ൽ മാൾവയിലെ രാജകുമാരനായിരുന്ന ഘണ്ടെറാവു ഹോൾക്കറേ എട്ടു വയസ്സുള്ള ആ ബാലിക വിവാഹം കഴിച്ചു. പക്ഷേ വിധി വിളയാട്ടം എന്ന് പറയട്ടെ, ഹ്രസ്വമായ ദാമ്പത്യ ജീവിതത്തിന് ശേഷം 1754_ലെ കുംബേർ യുദ്ധത്തിൽ ഘണ്ടെറാവു ഹോൾക്കർ മരണപ്പെട്ടു. അപ്പോൾ അഹല്യഭായിക്ക് പ്രായം വെറും 29 വയസ്സ് മാത്രമായിരുന്നു.

ഭർതൃ വിയോഗത്താൽ ഹൃദയം തകർന്ന അഹല്യഭായി സതി അനുഷ്ഠിക്കുന്നതിനു തയ്യാറായെങ്കിലും ഭർത്തൃപിതാവായ മൽഹാർറാവു അത് തടഞ്ഞു. ആ സമയത്ത് അവളുടെ ഏക അത്താണിയായിരുന്നു ഭർത്തൃപിതാവ്. പക്ഷേ

1766_ൽ, 12 വർഷത്തിനുശേഷം ഭർത്തൃപിതാ
വിൻറെയും മരണത്തോടെ ചീട്ടുകൊട്ടാരം
പോലെ തകർന്നു കിടക്കുന്ന തൻറെ രാജ്യത്തെ
യാണ് അവർക്കു കാണാൻ കഴിഞ്ഞത്. രാജാ
വിൻറെ മരണം ആ രാജ്യത്തെ നയിച്ചത് അഹ
ല്യഭായിയുടെ മകനും, ബാലനും ആയിരുന്ന
മാലേറാവു ഹോൾക്കറുടെ സിംഹാസന ആരോ
ഹണത്തിലേക്കാണ്. യുവ രാജാവിൻറെ
അമ്മയായ അഹല്യഭായി റീജൻറ് റാണിയായി
അവരോധിക്കപ്പെട്ടു. എന്നാൽ 1767 ഏപ്രിൽ
അഞ്ചിന് രാജസിംഹാസനത്തെ അനാഥമാക്കി
കൊണ്ട് യുവ രാജാവായിരുന്ന മാലേറാവു മരണ
പ്പെട്ടത് രാജ്യത്തിൻറെ അധികാരഘടനയെ സാര
മായി ബാധിച്ചു. ഭർത്താവിൻറെയും, ഭർത്തൃ
പിതാവിൻറെയും, മകൻറെയും മരണം സൃഷ്ടിച്ച
വേദന എങ്ങനെയാണ് ഒരു സാധാരണ സ്ത്രീക്ക്
താങ്ങാൻ കഴിയുക. പക്ഷേ അഹല്യഭായി അച
ഞ്ചലയായി നിലകൊണ്ടു. തൻറെ ദുഃഖം രാജ്യ
ത്തിൻറെ ഭരണത്തെയും, ജനങ്ങളെയും
ദോഷകരമായി ബാധിക്കാതെ യിരിക്കുന്നതിന്
അവർ ശ്രദ്ധിച്ചു. ക്രമേണ രാജ്യഭരണത്തിൻറെ
നിയന്ത്രണം അവർ സ്വന്തം കൈകളിൽ
ഏറ്റുവാങ്ങി. ഒടുവിൽ 1767 ഡിസംബർ 11ന്,
ചക്രവർത്തിയായിരുന്ന പേഷ്വായുടെ സമ്മത
ത്തോടെ അവർ ഇൻഡോർ ഭരണാധികാരിയായി
സ്വയം രാജ സിംഹാസനത്തിലേറി.

ശക്തമായ എതിർ ശബ് ദങ്ങൾ ഉണ്ടായിരുന്നെങ്കി
ലും രാജ്യത്തിൻറെ സൈന്യം അഹല്യ ഭായി
ഹോൾക്കറുടെ പിന്നിൽ അചഞ്ചലമായി
ഐക്യത്തോടെ നിലകൊണ്ടു. കേവലം ഒരു
വർഷത്തെ ഭരണം തികഞ്ഞപ്പോൾ തന്നെ വിദേശ
അക്രമകാരികളെ പല്ലും നഖവും ഉപയോഗിച്ച്
എതിർത്തു തോൽപ്പിച്ച റാണിയുടെ നേതൃത്വ
പാടവം എല്ലാവർക്കും കാണാൻ കഴിഞ്ഞു.
യുദ്ധമുഖത്ത് സ്വയം ആയുധമേന്തി കൊണ്ട്
സ്വന്തം സൈന്യത്തിന് അവർ ധീരമായ നേതൃത്വം
നൽകി. തൻറെ പ്രിയപ്പെട്ട ആനയുടെ മുകളിൽ
ഉള്ള ഇരിപ്പിടത്തിന് നാലു വശങ്ങളിലും
വെച്ചുകെട്ടിയ വില്ലുകളിൽ നിന്നും ശരമാരി
പോലെ അമ്പുകൾ അയച്ചുകൊണ്ട് ശത്രുനിര
കളിൽ അവർ മരണ താണ്ഡവമാടി. ഈ കാഴ്ച
അവർ മാൾവയിലെ യഥാർത്ഥ റാണിയാണെന്ന്
എല്ലാവരെയും ബോധ്യപ്പെടുത്തുന്നതായിരുന്നു.
അവരുടെ സൈനിക തന്ത്രങ്ങൾക്ക് കരുത്തുറ്റ
നേതൃത്വം നൽകിയ തൂക്കുജിറാവു ഹോൾക്കർ
(മൽഹാർ റാവു ഹോൾക്കറുടെ വളർത്തുപുത്രൻ)
എന്ന യോദ്ധാവിനെ അവർ സൈനിക
തലവനായി നിയമിച്ചു.

ധീരതയുള്ള ഒരു രാജ്ഞിയായി, മികച്ച ഒരു
ഭരണാധികാരിയും അതിലുപരി ദീർഘദർശി
ത്വവും, രാജ്യതന്ത്രജ്ഞതയും ഉള്ള ഒരു
രാഷ്ട്രീയക്കാരി കൂടിയായിരുന്നു അവർ.
ചക്രവർത്തിയായിരുന്ന പേഷ്വാക്കുപോലും
കാണാൻ കഴിയാതിരുന്ന ബ്രിട്ടീഷുകാരുടെ
കുടില തന്ത്രങ്ങളെ അവർ മുൻകൂട്ടി കണ്ടു.
അവരുടെ 30 വർഷത്തെ ഭരണത്തിനിടയിൽ ഒരു
കുഗ്രാമം എന്ന നിലയിൽ നിന്ന് ആസൂത്രിതമായി
വളർന്ന, സമ്പൽസമൃദ്ധ മായ ഒരു വൻ നഗരമായി
ഇൻഡോർ മാറുകയു ണ്ടായി. അവരുടെ പ്രശസ്തിക്ക്

മാറ്റുകൂട്ടുന്ന മറ്റൊരു ഘടകം മാൾവ നഗരത്തിൽ ധാരാളം കോട്ടകളും , റോഡുകളും പണിതു എന്നതുമാത്രമല്ല ഉത്സവ ആഘോഷങ്ങൾക്കായി ഹിന്ദു ക്ഷേത്രങ്ങൾക്ക് അവർ ധാരാളമായി സംഭാവനകൾ നൽകുകയും ചെയ്തു എന്നതിലാണ്. റാണിയുടെ ഉദാര മതിത്വത്തിന് പ്രതിഫലനമെന്നോണം അവരുടെ രാജ്യത്തിന് പുറത്തും, ഹിമാലയം മുതൽ ദക്ഷിണേന്ത്യവരെ വ്യാപിച്ചുകിടക്കുന്ന നിരവധി സ്ഥലങ്ങളിൽ ക്ഷേത്രങ്ങളും, റോഡുകളും, കുളങ്ങളും, കിണറുകളും, ജലസംഭരണികളും, സത്രങ്ങളും, കോട്ടകളും നിർമ്മിക്കുകയും മറ്റ് അനവധി ക്ഷേമ പ്രവർത്തനങ്ങളും അവർ നടത്തുകയുണ്ടായി. ഇതിനെല്ലാം പുറമേ ഹോൾ ക്കർ രാജ്ഞി കാശി, വാരണാസി, ബദരിനാഥ്, അയോധ്യ, മഥുര, കാഞ്ചി, ദ്വാരക, രാമേശ്വരം, ജഗന്നാഥപുരി എന്നീ ഭാരതീയ സംസ്കൃതിയുടെ ഈറ്റില്ലങ്ങൾ തീർത്ഥാടന കേന്ദ്രങ്ങളെയും, ക്ഷേത്രങ്ങളെയും നവീകരിക്കുകയും സൗന്ദര്യ വൽക്കരിക്കുകയും ചെയ്തു. അവരുടെ തലസ്ഥാ നമായ മഹേശ്വരം വ്യാവസായിക നേട്ടങ്ങളുടെ മാത്രമല്ല കലാ സാഹിത്യാദികളുടെയും ഒരു വിളനിലമായി ഉയർത്തപ്പെട്ടു. ദേശസ്നേഹികളായ മറാത്തി കവികൾ മോറോപന്ത്, ഷാഹിർ അനന്ദപാണ്ടി, സംസ്കൃത പണ്ഡിതനായ കുശിറാമിനെ പോലു ള്ളവർ, എന്നിവർക്കായി രാജ കൊട്ടാരത്തിൻറെ വാതിലുകൾ സദാ തുറന്നിട്ടിരുന്നു. അവരുടെ തലസ്ഥാനനഗരി തന്നെ കലാകാരന്മാർ, ശിൽ പികൾ, കരകൗശല വിദഗ്ദ്ധന്മാർ എന്നിവർക്ക് ആദരവും, ഉയർന്ന പ്രതിഫലവും നൽകു ന്നതായിരുന്നു. ഇതു കൂടാതെ വസ്ത്ര നിർമ്മാണ മേഖലയിലും രാജ്ഞി പ്രത്യേക ശ്രദ്ധ പതിപ്പി ച്ചിരുന്നു. തണ്ണീർത്തട ങ്ങളും, കുളങ്ങളും, കിണറുകളും, ധാരാളം തണൽ മരങ്ങളാലും സമ്പന്നമായിരുന്ന, വിദൂരതയിലേക്ക് എത്തുന്ന വിസ്തൃതമായ റോഡുകളും യാത്രക്കാർക്കായി ധാരാളം സത്രങ്ങളും വീടില്ലാത്തവർക്ക് കിടപ്പാ ടങ്ങളും, പട്ടിണിപ്പാവങ്ങൾക്ക് സൗജന്യ ഭക്ഷ ണവും എന്നുവേണ്ട ഓരോരുത്തർക്കും അവര വരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്തിരുന്നു. സ്വാർത്ഥ വാഹക സംഘങ്ങളുടെയും വണിക്കുകളുടെയും അടിമകളാക്കി ചൂഷണം ചെയ്യപ്പെട്ടിരുന്ന ഭീലുകൾ മുതലായ അധഃകൃത ജനവിഭാഗങ്ങളെ അവരുടെ ദുഃഖ ദുരിതങ്ങളുടെ നിലയില്ലാകയത്തിൽ നിന്നും മോചിപ്പിച്ച് സ്വാശ്രയത്വം ഉള്ള സ്വതന്ത്രകർഷകരാക്കി തീർ ക്കുന്നതും അഹല്യ ഭായിയുടെ ഭരണ നേട്ടങ്ങളിൽ പെടുന്നു. ഹിന്ദുക്കളും മുസ്ലീങ്ങളും ഒരുപോലെ തന്നെ തങ്ങളുടെ എല്ലാ ഉയർച്ചയ്ക്കും കാരണമായ രാജ്ഞിയുടെ ദീർഘായുസ്സിനു വേണ്ടി പ്രാർത്ഥിച്ചിരുന്നു.

ജനപ്രിയ ഭരണാധികാരിയായിരുന്ന അഹല്യഭായി ജനങ്ങളുടെ ആവലാതികൾ കേൾക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമായി ജനസമ്പർക്ക സദസ്സുകൾ നിത്യേനയെന്നോണം സംഘടിപ്പിച്ചിരുന്നു. തൻറെ പ്രശ്നങ്ങൾ കേൾക്ക ണമെന്ന് ആഗ്രഹിക്കുന്ന എല്ലാവർക്കുംതന്നെ അവർ പ്രാപ്യയായിരുന്നു . തൻറെ രാജ്യത്തിനും അധികാരത്തിനും കീഴിലുള്ള എല്ലാവരുടെയും ഉയർച്ചയ്ക്കായി എങ്ങനെയാണ് അവർ അദ്ധ്വാനി

ച്ചിരുന്നത് എന്ന് പിൽക്കാല ചരിത്രകാരന്മാർ തങ്കലിപികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവരുടെ ഭരണകാലത്ത് വ്യാവസായിക, വാണിജ്യ രംഗങ്ങൾ അനാദൃശ്യമായ വളർച്ചയും, പുഷ്ടിയും രേഖപ്പെടുത്തി. കർഷകർ വരൾച്ചയുടെയും മറ്റു ദുരിതങ്ങളുടെയും ഇരകളാക്കപ്പെട്ടിരുന്നില്ല എന്നു മാത്രമല്ല നല്ല സ്വാശ്രയത്വം ഉള്ള ഉയർന്ന പൗരന്മാർ തന്നെയായി ശക്തിപ്പെട്ടിരുന്നു. സൈന്യാധിപനായിരുന്ന തുക്കാജിറാവു ഹോൾക്കറെ തുടർഭരണ അവകാശിയായി അവരോധിച്ചുകൊണ്ട് തൻറെ 70_ആമത്തെ വയസ്സിൽ മഹാറാണി അഹല്യഭായി ഹോൾക്കർ അന്തരിച്ചു.

ആനിബസൻറ് ഇങ്ങനെ എഴുതുന്നു: "തങ്ങളുടെ സകല ക്ഷേമ ഐശ്വര്യങ്ങൾക്കും കാരണമായി തീർന്നിരുന്ന മഹാറാണിയുടെ വേർപാടിൽ ഇൻഡോർ എന്ന ദേശം ദീർഘമായ തേങ്ങലിലേക്ക് വീണു പോയിരിക്കുന്നു. മഹാറാണിയുടെ പാവന സ്മരണകൾ എന്നും ജനഹൃദയങ്ങളിൽ സ്നേഹാദരങ്ങളുടെ പൂച്ചെണ്ടുകൾ ഏറ്റുവാങ്ങിക്കൊണ്ട് തളിരിട്ടു നിൽക്കും".

---

## ശ്രീധർമ്മശാസ്തൃ കേശാദി പാദ വർണ്ണന സ്തോത്രം

**(ശ്രീമദ് ശങ്കരാചാര്യർ)**

**ശ്ലോകം - 5/10**



ഉദ്ദണ്ഡചാരുഭുജദണ്ഡയുഗാഗ്രസംസ്ഥ-
കോദണ്ഡബാണമഹിതാന്തമതാന്തവീര്യം ।
ഉദ്യത്പ്രഭാപടലദീപ്രമദഭ്രസാരം
നിത്യം പ്രഭാപതിമഹം പ്രണതോ ഭവാമി ॥ 5

**उद्दण्डचारुभुजदण्डयुगाग्रसंस्थ-**
**कोदण्डबाणमहितान्तमतान्तवीर्यम् ।**
**उद्यत्प्रभापटलदीप्रमदभ्रसारम्**
**नित्यं प्रभापतिमहं प्रणतो भवामि।।५।।**

**അർത്ഥം :-** ഭയപ്പെടുത്തുന്നതും മനോഹരവുമായ ദണ്ഡു പോലുള്ള കൈകളിൽ ഇരിക്കുന്ന വില്ലോടും അമ്പുകളോടും കൂടിയവനും ശത്രുക്കളെ സംഹരിയ്ക്കുന്നവനും ബന്ധനത്തെ വിച്ഛേദിക്കുന്ന വീര്യത്തോട് കൂടിയവനും ഉദിച്ചുയർന്ന തേജസ്സിൻകൂട്ടം പോലെ പ്രകാശത്തോട് കൂടിയവനും അഭ്രം പോലെ ബലവാനും തേജസ്സിന്റെ നാഥനുമായ ധർമ്മശാസ്താവിനെ ഞാൻ നിത്യവും നമിയ്ക്കുന്നവനായി ഭവിയ്ക്കുന്നു.

(........തുടരും)

## സുഭാഷിതം -23

**गते शोको न कर्तव्यो भविष्यं नैव चिन्तयेत् ।
वर्तमानेन कालेन वर्तयन्ति विचक्षणाः ॥**

**ഗതേ ശോകോ ന കർത്തവ്യോ
ഭവിഷ്യം നൈവ ചിന്തയേത്|
വർത്തമാനേന കാലേന
വർത്തയന്തി വിചക്ഷണാ:||**

(ആചാര്യ ചാണക്യൻ)

സാരം : ഭൂതകാലത്തെ ഓർത്തു വിഷമിക്കരുത്, ഭാവിയെ ഓർത്തു വേവലാതിപ്പെടരുത്. അറിവുള്ളവർ വർത്തമാന കാലത്തിൽ വർത്തിക്കുന്നു.

നമ്മുടെ ജീവിതം ഒരു കർമ്മ കാണ്ഡമാണ്. ഓരോ നിമിഷവും നമ്മളാൽ ആവും വിധം ഭംഗിയായി കർമ്മം അനുഷ്ഠിച്ചാൽ ജീവിതം സാർത്ഥകമായിത്തീരും. നാം എന്തു കൊണ്ടാണ് നമ്മുടെ ഭൂതകാലത്തെ ഓർത്തു വിഷമിക്കുന്നത്? ഭൂതകാലം അത്ര ഭംഗിയായിരുന്നില്ല. കാരണം നമുക്ക് ഭംഗി ആയി കർമ്മം ചെയ്യാൻ കഴിഞ്ഞില്ല.... ഇനി അതിനെ കുറിച്ച് ഓർത്തു വിഷമിച്ചതു കൊണ്ട് കാര്യമില്ല.

ഇന്ന്, ഈ നിമിഷം, നമ്മുടെ കയ്യിൽ ഉണ്ട്. ശുഷ്കാന്തി യോടെ കർമ്മം ചെയ്താൽ അത് നല്ല ഒരു ഭൂതകാലം നമുക്ക് സമ്മാനിക്കും. നല്ലൊരു ഭാവിയിലേക്ക് വഴി തുറക്കുകയും ചെയ്യും. അപ്പോൾ വർത്തമാന കാലമാണ് താക്കോൽ.... വർത്തമാന കാലത്തെ വൃത്തിയുള്ള കർമ്മങ്ങൾ ശുഭകരമായ ഒരു ഭൂതകാലവും മധുരമായ ഒരു ഭാവിയും നമുക്ക് നൽകും. ജീവിതത്തെ അർത്ഥ പൂർണമാക്കി തീർക്കും. അതു കൊണ്ട് ഈ നിമിഷത്തിൽ ജീവിക്കുക. ഈ നിമിഷത്തിൽ ചെയ്യേണ്ട നല്ല കർമ്മങ്ങളെല്ലാം ചെയ്യുക. അപ്പോൾ നമ്മുടെ ഭൂതവും ഭാവിയുമെല്ലാം സുന്ദരമായിരിക്കും. ജീവിതത്തിൽ ആനന്ദത്തെ ഉണ്ടാക്കും.

ഭാരതത്തിലെ ശ്രദ്ധേയനായ ഒരു ആധ്യാത്മിക ആചാര്യനായിരുന്ന ഓഷോ രജനീഷ് എപ്പോഴും തന്റെ ശിഷ്യന്മാരോടായി പറയുമായിരുന്നു : ഇവിടെ.... ഇപ്പോൾ..... ആയിരിക്കൂ...... (BE HERE AND NOW). (ഒരു പക്ഷേ ഓഷോ പറഞ്ഞതു പോലെ ഇത്രയും മനോഹരമായി ഈ വിഷയം മറ്റാരും പറഞ്ഞിട്ടുണ്ടാവില്ല).

---

## വാർത്തകൾ

*ഇന്ന് 2022 ജനുവരി 23 - സ്വാമി അയ്യപ്പന്റെ ജന്മ നക്ഷത്രം ആയ ഉത്രം. ശബരിമല അയ്യപ്പ സേവാ സമാജത്തിന്റെ നിർദ്ദേശ പ്രകാരം ലോകം മുഴുവനും ഉള്ള അയ്യപ്പ ഭക്തർ ഇന്നേ ദിവസം വൈകുന്നേരം സ്വന്തം വീടുകളിലും, അടുത്തുള്ള ക്ഷേത്രങ്ങളിലും ദീപാരാധനയോടു കൂടി "ഉത്രം പൂജ" നടത്തുന്നു.

*ശബരിമല അയ്യപ്പ സേവാ സമാജം കഴിഞ്ഞ ചില വർഷങ്ങളായി, മകരജ്യോതി കാണുന്ന ശുഭമുഹൂർത്തം, വിശ്വവ്യാപകമായി, അവരവരുടെ ഭവനങ്ങളിലും, ക്ഷേത്രം, ഭജനമഠം മുതലായ സ്ഥലങ്ങളിലും ദീപം തെളിയിച്ചു വെക്കണമെന്ന ആഹ്വാനവുമായി പ്രവർത്തിച്ചു വരികയാണ്. 2018_ൽ മഞ്ചേശ്വരം മുതൽ തെക്കു കളിയിക്കാവിള വരെ മുപ്പതു ലക്ഷത്തോളം അയ്യപ്പ ഭക്തർ കൈയിൽ ജ്യോതിയുമേന്തി ഭക്തിപുരസ്സരം അണിനിരന്നതിനു ശേഷമാണ് ഈ ഒരു ചടങ്ങു

ഭവനങ്ങളിൽ വ്യാപകമായി നടത്തി വരുന്നത്. ഈ വർഷവും ജനവരി 14_നു വൈകീട്ട് 6.15 മുതൽ 7.15 വരെ ലക്ഷക്കണക്കിനു ജ്യോതികൾ തെളിയിക്കുകയുണ്ടായി. ക്രമേണ, എല്ലാ വർഷവും "മകരജ്യോതി" ഒരു മഹോത്സവമായി ഭാരതത്തിൽ മാത്രമല്ല ലോകം മുഴുവൻ ഭക്തിപുരസ്സരം കോടാനുകോടി ദീപാലങ്കാരങ്ങളോടെ ആഘോഷിക്കപ്പെടുമെന്നു പ്രതീക്ഷിക്കാം.

*എല്ലാ വർഷവും തീർത്ഥാടന സമാപനത്തോടനുബന്ധിച്ചു ശബരിമല അയ്യപ്പ സേവാ സമാജത്തിന്റെ രണ്ടായിരത്തി അഞ്ഞൂറിൽ പരം അയ്യപ്പസേവകന്മാർ ഒത്തൊരുമിച്ചു എരുമേലിയിലും, തുടർന്ന് പമ്പ മുതൽ സന്നിധാനം വരേയുള്ള രണ്ടു വഴികളിലും, സന്നിധാനത്തും, പരിസരങ്ങളിലും നടത്തി വരാറുള്ള ശുചീകരണ യജ്ഞത്തിന്, ഈ വർഷവും ദേവസ്വം ബോർഡിൽ നിന്നും അനുമതി ലഭിച്ചിരുന്നു. ശ്രീ. കെ. അനന്തഗോപൻ, (പ്രസിഡന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്) ജനുവരി 19_നു ഉദ്ഘാടനം നിർവ്വഹിക്കാനും സമ്മതിച്ചിരുന്നു. വർദ്ധിച്ചു വരുന്ന കോവിഡിന്റെ വ്യാപനത്തെ തുടർന്ന് 15_നു കൂടിയ കേന്ദ്രീയ കോർ കമ്മിറ്റി ഓൺലൈൻ യോഗത്തിൽ, ഈ വർഷം സ്വച്ഛ് പരിപാടി ഒഴിവാക്കുകയാണ് ഉചിതമെന്നു തീരുമാനിക്കുകയുണ്ടായി.

*പതിവു പോലെ ഈ വർഷവും നാം പല സ്ഥലങ്ങളിലുമുള്ള അയ്യപ്പ സേവാ കേന്ദ്രങ്ങളിലൂടെ (എരുമേലി, വിഴിക്കിത്തോട്, കൂനംകര, കാളകെട്ടി, പന്തളം, പത്തനംതിട്ട, ചെങ്ങന്നൂർ റയിൽവേ സ്റ്റേഷൻ, തൃപ്രയാർ തുടങ്ങിയവ..) അന്നദാനമടക്കമുള്ള വിവിധ സേവന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പക്ഷേ, ഹൈക്കോടതിയിൽ നിന്ന് അനുകൂലമായ തീരുമാനം ലഭിക്കാതിരുന്നതിനാൽ (കോവിഡ് വ്യാപനമെന്ന കാരണം ചൂണ്ടിക്കാട്ടി), സന്നിധാനത്ത് അന്നദാനം നടത്തുവാൻ നമുക്ക് സാധിച്ചില്ല. വീണ്ടും കോടതിയെ സമീപിക്കാനും അടുത്ത മാസം മുതൽ പ്രതിമാസ പൂജാ സമയങ്ങളിൽ സന്നിധാനത്ത് അന്നദാനം കൂടി നടത്തുവാൻ അനുവാദം വാങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്.

---

## ക്വിസ് (വിജ്ഞാന പരീക്ഷ) – 8

(കുറിപ്പ്: സനാതന ധർമ്മം സംബന്ധിച്ചും, കൂടുതലും അയ്യപ്പവാണിയിൽ പ്രസിദ്ധീകരിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കിയുമുള്ള ചോദ്യങ്ങൾ. ഉത്തരങ്ങൾ അയ്യപ്പവാണിയുടെ അടുത്ത ലക്ക ത്തിൽ. എല്ലാവർക്കും പങ്കെടുക്കാം. ഉത്തരങ്ങൾ 20 ദിവസത്തിനകം "9447211722" എന്ന നമ്പറിലേക്കു വാട്ട്സാപ്പ് അയക്കണം. എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരങ്ങൾ നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ അടുത്ത അയ്യപ്പവാണിയിൽ പ്രസിദ്ധീ കരിക്കുന്നതാണ്)

**ചോദ്യങ്ങൾ:**

1. തമിഴ് നാട്ടിൽ ചിദംബരം ക്ഷേത്രത്തിൽ ഏതു ദേവനെ, ഏതു രൂപത്തിലാണ് ആരാധിക്കുന്നത്?

2. കാശി വിശ്വനാഥ ക്ഷേത്രമടക്കം അക്രമികളാൽ തകർക്കപ്പെട്ട പല ക്ഷേത്രങ്ങളും പുനരുദ്ധരിച്ച പതിനെട്ടാം നൂറ്റാണ്ടിലെ ധീരയായ മാൾവയിലെ മഹാറാണി ആരായിരുന്നു?

3. സ്വാമി അയ്യപ്പന്റെ ഉറക്കുപാട്ടായി അറിയപ്പെടുന്ന പ്രസിദ്ധമായ "ഹരിവരാസനം"

രചിച്ചതാര്?

4. മഹിഷാസുരനും ദേവിയുമായുള്ള യുദ്ധം നടന്ന സ്ഥലം?

5. വേദങ്ങളുടെ രചയിതാവ്?

6. ശകുന്തളയുടെ കഥ ഏതു മഹദ് ഗ്രന്ഥത്തിൽ കാണുന്നു?

7. ഒരു അസുരന്റെ മകൾ സ്വർഗ്ഗറാണിയായി, അസുരൻ മകൾ ആരെല്ലാം?

8. യക്ഷന്മാരുടെ നായകൻ ആരായിരുന്നു?

9. ശ്രീകൃഷ്ണൻ ചെറുവിരൽ കൊണ്ട് ഉയർത്തിയ പർവ്വതം ഏത്?

10. "ഹിതോപദേശ"ത്തിന്റെ രചയിതാവ് ആര്?

------------------------------

**കഴിഞ്ഞ ലക്കം അയ്യപ്പവാണിയിലെ ക്വിസ് - 7 ചോദ്യങ്ങളുടെ ശരി ഉത്തരങ്ങൾ:**

1.കൃഷ്ണന് മുൻപ് ദേവകിക്കു പിറന്ന ആറ് കുഞ്ഞുങ്ങളെ കംസൻ വധിച്ചു. ബ്രഹ്മാവിനാൽ ശപിക്കപ്പെട്ട മരീചിയുടെ പുത്രന്മാർ. ഇതായിരുന്നു അവരുടെ ശാപമോക്ഷം.

2.അർജ്ജുനന്റെ ശംഖിന്റെ പേര്: ദേവദത്തം

3.ഘടോത്കചന്റെ അച്ഛൻ : ഭീമസേനൻ.

4. സമുദ്രമഥനത്തിന് ഉപയോഗിച്ച പർവതം: മന്ദരം

5.വന്ദേമാതരം ബങ്കിംചന്ദ്ര ചാറ്റർജി 1870ൽ എഴുതി, 1882ൽ എഴുതിയ ആനന്ദമട്ട് എന്ന ബംഗാളി നോവലിൽ ചേർത്തു.

6.കാലകേയന്മാരെ നശിപ്പിക്കാൻ അഗസ്ത്യ ഋഷി സമുദ്രം കുടിച്ച് വറ്റിച്ചു, പിന്നീട് ഭഗീരഥൻ ഗംഗയെ ഭൂമിയിൽ കൊണ്ടുവന്നപ്പോൾ സമുദ്രത്തിൽ വെള്ളം നിറഞ്ഞു.

7. സൂര്യപുത്രനായ സുഗ്രീവൻ ഇന്ദ്രപുത്രനായ ബാലിയുടെ വധത്തിന് കാരണമായി.

8. പാക്കിസ്ഥാനിലെ മുൾതാനിൽ ഉണ്ടായിരുന്ന പ്രസിദ്ധമായ ക്ഷേത്രം ശ്രീകൃഷ്ണ പുത്രൻ സാംബൻ നിർമ്മിച്ച വിഷ്ണുക്ഷേത്രം. ഇത് പത്താം നൂറ്റാണ്ടിൽ തകർക്കപ്പെട്ടു. മുൾത്താൻ എന്നാൽ മൂലസ്ഥാനം.

9. കുളത്തൂപ്പുഴയിലെ ശാസ്താവ് ബാലാവസ്ഥയിലാണ് ഉള്ളത്.

10. ഭൂതനാഥൻ എന്നാൽ പഞ്ചഭൂതങ്ങളുടെ അധിപൻ. ഈ അർത്ഥത്തിൽ അയ്യപ്പൻ ഭൂതനാഥൻ എന്നും അറിയപ്പെടുന്നു.

----------------------------------

**മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവർ:**

ആരുമില്ല

*നിഷേധക്കുറിപ്പ്: ഇതിൽ കൊടുത്തിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ചു, അതിന്റെ രചയിതാക്കൾക്കല്ലാതെ, ശബരിമല അയ്യപ്പ സേവാ സമാജത്തിനോ അംഗങ്ങൾക്കോ യാതൊരു ബാദ്ധ്യതയുമില്ലെന്ന് വ്യക്തമാക്കുന്നു.

*ശബരിമല അയ്യപ്പ സേവാ സമാജത്തിനു വേണ്ടി, അയ്യപ്പവിഹാർ, ശിവ ടെമ്പിൾ റോഡ്, വിയ്യൂർ, തൃശൂർ, കേരളം - 680010, നിന്ന് നാഷണൽ അഡ്മിൻ സെക്രട്ടറി ശ്രീ.പി. ഷണ്മുഖാനന്ദൻ പ്രസിദ്ധീകരിക്കുന്നത്.